കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഹിന്ദു ദത്തുകളും സംരക്ഷണവും ആക്റ്റ്, 1956

(1956-ലെ 78-ാം ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഹിന്ദു ദത്തുകളും സംരക്ഷണവും ആക്റ്റ്, 1956

## (1956-ലെ 78-ാം ആക്റ്റ്)

### (1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# ഹിന്ദു ദത്തുകളും സംരക്ഷണവും ആക്ട്, 1956

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം

വകുപ്പുകൾ :


1. ചുരുക്കപ്പേരും വ്യാപ്തിയും.
2. ആക്റ്റിന്റെ ബാധകത.
3. നിർവ്വചനങ്ങൾ.
4. ആക്റ്റിന്റെ അധിപ്രഭാവം.


### അദ്ധ്യായം II

### ദത്ത്


5. ദത്തുകൾ ഈ അദ്ധ്യായപ്രകാരം ക്രമപ്പെടുത്തണമെന്ന്.
6. സാധുവായ ദത്തിന് വേണ്ട കാര്യങ്ങൾ.
7. ദത്തെടുക്കുവാൻ ഒരു ഹിന്ദു പുരുഷനുള്ള സമർത്ഥത.
8. ദത്തെടുക്കുവാൻ ഒരു ഹിന്ദു സ്ത്രീയ്ക്കുള്ള സമർത്ഥത.
9. ദത്തുകൊടുക്കുവാൻ സമർത്ഥതയുള്ള ആളുകൾ.
10. ദത്തെടുക്കപ്പെടാവുന്ന ആളുകൾ.
11. സാധുവായ ഒരു ദത്തിനുള്ള മററ് ഉപാധികൾ.
12. ദത്തിന്റെ ഫലങ്ങൾ.
13. ദത്തുവഴി മാതാപിതാക്കൻമാർക്ക് തങ്ങളുടെ വസ്തുക്കൾ വ്യയനം ചെയ്യാനുള്ള അവകാശം.
14. ചില സംഗതികളിൽ ദത്തുവഴിയുള്ള മാതാവ് ആരാണെന്ന് നിശ്ചയിക്കുന്നത്
15. സാധുവായ ദത്തു ദുർബലപ്പെടുത്താവുന്നതല്ലെന്ന്.
16. ദത്തിനെക്കുറിച്ചുള്ള രജിസ്റ്റർ രേഖകൾ സംബന്ധിച്ച അനുമാനം.
17. ചില സംഗതികളിൽ പണം കൊടുക്കുന്നതിന്റെ നിരോധനം.


### അദ്ധ്യായം III

### സംരക്ഷണം


18. ഭാര്യയുടെ സംരക്ഷണം.
19. വിധവയായ പുത്രഭാര്യയുടെ സംരക്ഷണം.
20. കുട്ടികളുടെയും വൃദ്ധരായ മാതാപിതാക്കൻമാരുടെയും സംരക്ഷണം.
21. ആശ്രിതർ—നിർവ്വചനം.
22. ആശ്രിതരുടെ സംരക്ഷണം.

23. സംരക്ഷണത്തുക.
24. സംരക്ഷണം അവകാശപ്പെടുന്ന ആൾ ഹിന്ദു ആയിരിക്കണമെന്ന്.
25. പരിതഃസ്ഥിതികൾ മാറുമ്പോൾ സംരക്ഷണത്തുക വ്യത്യാസപ്പെടുത്താവുന്നതാണെന്ന്.
26. കടങ്ങൾക്ക് മുൻഗണന വേണമെന്ന്.
27. സംരക്ഷണം എപ്പോഴും ചാർജ്ജാകണമെന്ന്.
28. സംരക്ഷണാവകാശത്തിൻമേൽ വസ്തു കൈമാററത്തിനുള്ള പ്രഭാവം.


## അദ്ധ്യായം IV

## റദ്ദാക്കലും ഒഴിവാക്കലും


29. റദ്ദാക്കൽ
30. ഒഴിവാക്കൽ

# ഹിന്ദു ദത്തുകളും സംരക്ഷണവും ആക്റ്റ്, 1956

(1956-ലെ 78-ാം ആക്റ്റ്)

## ഹിന്ദുക്കളുടെ ഇടയിലുള്ള ദത്തുകളും സംരക്ഷണവും സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുവാനും ക്രോഡീകരിക്കുവാനും ഉള്ള ആക്റ്റ്.

[1956 ഡിസംബർ, 21]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഏഴാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് ഹിന്ദു ദത്തുകളും സംരക്ഷണവും ആക്റ്റ്, 1956 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

2. ആക്റ്റിന്റെ ബാധകത.—(1) ഈ ആക്റ്റ്—

(ക) വീരശൈവനോ ലിംഗായതനോ അല്ലെങ്കിൽ ബ്രഹ്മസമാജത്തിന്റെയോ പ്രാർത്ഥനാസമാജത്തിന്റെയോ ആര്യസമാജത്തിന്റെയോ അനുയായിയോ ഉൾപ്പെടെ ഹിന്ദുമതത്തിന്റെ ഏതെങ്കിലും രൂപത്തിലോ വികാസരൂപത്തിലോ ഉള്ള മതം കൊണ്ട് ഹിന്ദുവായ ഏതൊരാൾക്കും,

(ഖ) മതംകൊണ്ട് ബുദ്ധമതക്കാരനോ, ജൈനനോ, സിക്കുകാരനോ, ആയ ഏതൊരാൾക്കും,

(ഗ) മതംകൊണ്ട് മുസ്ലീമോ ക്രിസ്ത്യനോ പാഴ്സിയോ ജൂതനോ അല്ലാത്ത മറ്റേതൊരാൾക്കും, അങ്ങനെയുള്ള ആൾ ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഇതിൽ കൈകാര്യം ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് ഹിന്ദു നിയമത്താലോ, ആ നിയമത്തിന്റെ ഭാഗമായി വല്ല ആചാരത്താലോ വഴക്കത്താലോ അനുശാസിതനാകുമായിരുന്നില്ലെന്ന് തെളിയിക്കാത്തപക്ഷവും, ബാധകമാകുന്നു.

വിശദീകരണം.—താഴെപ്പറയുന്ന ആളുകൾ മതംകൊണ്ട്, അതതു സംഗതി പോലെ, ഹിന്ദുക്കളോ, ബുദ്ധമതക്കാരോ, ജൈനരോ, സിക്കുകാരോ ആകുന്നു—

(ക) മാതാപിതാക്കന്മാർ രണ്ടുപേരും മതംകൊണ്ട് ഹിന്ദുക്കളോ, ബുദ്ധമതക്കാരോ, ജൈനരോ, സിക്കുകാരോ ആയ, നിയമാനുസൃതമായ വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി;

(ഖ) മാതാപിതാക്കന്മാരിൽ ഒരാൾ മതംകൊണ്ട് ഹിന്ദുവോ ബുദ്ധമതക്കാരനോ ജൈനനോ സിക്കുകാരനോ ആയിരിക്കുകയും, അങ്ങനെയുള്ള മാതാവോ പിതാവോ ഏത് ഗോത്രവർഗ്ഗത്തിലോ സമുദായത്തിലോ ഗ്രൂപ്പിലോ കുടുംബത്തിലോ പെട്ടതാണോ, അല്ലെങ്കിൽ പെട്ടതായിരുന്നുവോ, അതിലെ അംഗമായി വളർത്തപ്പെടുകയും ചെയ്ത, നിയമാനുസൃതമായ വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി:

(ഖ) തന്റെ പിതാവിനാലും മാതാവിനാലും ഉപേക്ഷിക്കപ്പെടുകയോ അല്ലെങ്കിൽ മാതാപിതാക്കൻമാർ ആരെന്ന് അറിവില്ലാതിരിക്കുകയോ ചെയ്യുന്നതും ഈ രണ്ടു സംഗതികളിൽ ഏതിലായാലും ഹിന്ദുവായോ ബുദ്ധമതക്കാരനായോ ജൈനനായോ സിക്കുകാരനായോ വളർത്തപ്പെടുന്നതും ആയ, നിയമാനുസൃത വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധവേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി ;

(ഗ) ഹിന്ദുമതത്തിലേക്കോ, ബുദ്ധമതത്തിലേക്കോ, ജൈനമതത്തിലേക്കോ, സിക്കുമതത്തിലേക്കോ പരിവർത്തനം ചെയ്യുകയോ പുനഃപരിവർത്തനം ചെയ്യുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആൾ.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും, കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, ഭരണഘടന 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിന്റെ അർത്ഥത്തിലുള്ള ഏതെങ്കിലും പട്ടിക ഗോത്രവർഗ്ഗത്തിലെ അംഗങ്ങൾക്ക് ബാധകമാകുന്നതല്ല.

(3) ഈ ആക്റ്റിന്റെ ഏത് ഭാഗത്തുമുള്ള "ഹിന്ദു" എന്ന പദത്തിന്, അതിൽ ഏതൊരാൾക്കാണോ അയാൾ മതംകൊണ്ട് ഹിന്ദു അല്ലെങ്കിലും, ഈ വകുപ്പിൽ അടങ്ങിയ വ്യവസ്ഥകളുടെ ബലത്തിൽ ഈ ആക്റ്റ് ബാധകമാകുന്നത്, അയാൾ ഉൾപ്പെടുന്നു എന്നപോലെ അർത്ഥം കല്പിക്കേണ്ടതാകുന്നു.

3. നിർവ്വചനങ്ങൾ—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ആചാരം", "വഴക്കം" എന്നീ പദങ്ങൾക്ക് തുടർച്ചയായും ഏകരൂപമായും ദീർഘകാലം ആചരിക്കപ്പെട്ടതുകൊണ്ട് ഏതെങ്കിലും തദ്ദേശപ്രദേശത്തിലോ ഗോത്രവർഗ്ഗത്തിലോ, സമുദായത്തിലോ ഗ്രൂപ്പിലോ കുടുംബത്തിലോ, ഹിന്ദുക്കളുടെ ഇടയിൽ നിയമത്തിന്റെ ബലം ലഭിച്ചിട്ടുള്ള ഏതെങ്കിലും ചട്ടം എന്നർത്ഥമാകുന്നു :

എന്നാൽ ആ ചട്ടം സുനിശ്ചിതമായിട്ടുള്ളതും, ന്യായരഹിതമോ പബ്ലിക്ക് പോളിസിക്കെതിരോ അല്ലാത്തതും ആയിരിക്കണം :

എന്നുമാത്രമല്ല, ഒരു കുടുംബത്തിനുമാത്രം ബാധകമാകുന്ന ചട്ടത്തിന്റെ സംഗതിയിൽ, ആ കുടുംബം അത് തുടരുന്നത് നിറുത്തിയിരിക്കാൻ പാടില്ലാത്തതും ആണ് ;

(ഖ) "സംരക്ഷണം" എന്നതിൽ—

(i) എല്ലാ സംഗതികളിലും ആഹാരവും, വസ്ത്രവും, വസതിയും, വിദ്യാഭ്യാസവും, വൈദ്യസഹായവും ചികിത്സയും നൽകുന്നതും ;

(ii) അവിവാഹിതയായ ഒരു മകളുടെ സംഗതിയിൽ, അവളുടെ വിവാഹത്തിനുള്ളതും ആനുഷംഗികവുമായ ന്യായമായ ചെലവുകളും ഉൾപ്പെടുന്നു.

(ഗ) "മൈനർ" എന്നാൽ പതിനെട്ടുവയസ്സ് പൂർത്തിയായിട്ടില്ലാത്ത ആൾ എന്നർത്ഥമാകുന്നു.

4. ആക്ടിന്റെ അധിപ്രഭാവം.—ഈ ആക്ടിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥചെയ്തിട്ടുള്ളിടത്തൊഴികെ,—

(ക) ഈ ആക്ടിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന ഹിന്ദുനിയമത്തിന്റെ ഏതെങ്കിലും ശാസ്ത്രവാക്യത്തിനോ, ചട്ടത്തിനോ, വ്യാഖ്യാനത്തിനോ അല്ലെങ്കിൽ ആ നിയമത്തിന്റെ ഭാഗമായ ഏതെങ്കിലും ആചാരത്തിനോ, വഴക്കത്തിനോ, ഈ ആക്ടിൽ വ്യവസ്ഥയുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ചിടത്തോളം, പ്രഭാവമില്ലാതാകുന്നതാണ്:

(ഖ) ഈ ആക്ടിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന മറേറതെങ്കിലും നിയമം, അത് ഈ ആക്ടിൽ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥകൾക്ക് അസംഗതമാകുന്നിടത്തോളം ഹിന്ദുക്കൾക്ക് ബാധകമാകാതാകുന്നതാണ്.

## അദ്ധ്യായം II

## ദത്ത്

5. ദത്തുകൾ ഈ അദ്ധ്യായപ്രകാരം ക്രമപ്പെടുത്തണമെന്ന്.—(1) ഈ ആക്ടിന്റെ പ്രാരംഭത്തിനു ശേഷം, ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളനുസരിച്ചല്ലാതെ ഒരു ഹിന്ദുവോ ഒരു ഹിന്ദുവിനോ യാതൊരു ദത്തും ചെയ്യുവാൻ പാടില്ലാത്തതും, മേൽപറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെയ്യുന്ന ഏതു ദത്തും ശൂന്യമായിരിക്കുന്നതും ആണ്.

(2) ശൂന്യമായിട്ടുള്ള ഒരു ദത്ത്, ഏതെങ്കിലും ആൾക്ക്, ദത്തുകാരണത്താലല്ലാതെ അയാളോ അവളോ ആർജ്ജിക്കുകയില്ലായിരുന്ന ഏതെങ്കിലും അവകാശങ്ങൾ ദത്തെടുത്ത കുടുംബത്തിൽ സൃഷ്ടിക്കുകയോ, ഏതെങ്കിലും ആൾക്ക് ജനിച്ച കുടുംബത്തിലുള്ള അവകാശങ്ങൾ നശിപ്പിക്കുകയോ ചെയ്യുന്നതല്ല.

6. സാധുവായ ദത്തിനു വേണ്ട കാര്യങ്ങൾ.—യാതൊരു ദത്തും—

(i) ദത്തെടുക്കുന്ന ആൾക്ക് ദത്തെടുക്കുവാനുള്ള സാമർത്ഥ്യതയും അവകാശവും ഉണ്ടായിരിക്കുകയും;

(ii) ദത്ത് കൊടുക്കുന്ന ആൾക്ക് അപ്രകാരം ചെയ്യുവാനുള്ള സാമർത്ഥ്യത ഉണ്ടായിരിക്കുകയും;

(iii) ദത്തെടുക്കപ്പെടുന്ന ആൾക്ക് ദത്തെടുക്കപ്പെടാനുള്ള അർഹത ഉണ്ടായിരിക്കുകയും;

(iv) ദത്ത് ഈ അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള മററ് ഉപാധികൾ അനുസരിച്ച് ചെയ്തിട്ടുള്ളതായിരിക്കുകയും,

ചെയ്യാത്തപക്ഷം, സാധുവായിരിക്കുന്നതല്ല.

7. ദത്തെടുക്കുവാൻ ഹിന്ദു പുരുഷനുള്ള സാമർത്ഥ്യത.—സ്വസ്ഥചിത്തനും മൈനറല്ലാത്തവനും ആയ ഏത് ഹിന്ദുപുരുഷനും പുത്രനെയോ പുത്രിയെയോ ദത്തെടുക്കുവാനുള്ള സാമർത്ഥ്യതയുണ്ട്;

എന്നാൽ അയാളുടെ ഭാര്യ ജീവിച്ചിരിപ്പുണ്ടെങ്കിൽ, ആ ഭാര്യ പൂർണ്ണമായും അവസാനമായും ലൗകികജീവിതം പരിത്യജിക്കുകയോ, ഹിന്ദു അല്ലാതായിത്തീരുകയോ, ചിത്തഭ്രമമുള്ളവളാണെന്ന് തക്ക അധികാരിതയുള്ള ഒരു കോടതിയാൽ പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തപക്ഷം, ഭാര്യയുടെ സമ്മതത്തോടുകൂടിയല്ലാതെ അയാൾ ദത്തെടുക്കുവാൻ പാടുള്ളതല്ല.

വിശദീകരണം:—ദത്തുസമയത്ത് ഒരാളുടെ ഒന്നിലധികം ഭാര്യമാർ ജീവിച്ചിരിപ്പുണ്ടെങ്കിൽ, മുൻപറഞ്ഞ പരിമിതിവ്യവസ്ഥയിൽ വിനിർദ്ദിഷ്ടമായ ഏതെങ്കിലും കാരണത്താൽ അവരിൽ ഏതെങ്കിലും ഒരാളുടെ സമ്മതം അനാവശ്യമല്ലാത്തപക്ഷം എല്ലാ ഭാര്യമാരുടേയും സമ്മതം ആവശ്യമാകുന്നു.

8. ദത്തെടുക്കുവാൻ ഹിന്ദുസ്ത്രീക്കുള്ള സമർത്ഥത.—(ക) സ്വസ്ഥചിത്തയും,

(ഖ) മൈനറല്ലാത്തവളും,

(ഗ) അവിവാഹിതയും, അല്ലെങ്കിൽ വിവാഹിതയാണെങ്കിൽ, വിവാഹം വിഘടിതമാക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ ഭർത്താവ് മരിച്ചുപോവുകയോ പൂർണ്ണമായും അവസാനമായും ലൗകികജീവിതം പരിത്യജിക്കുകയോ, ഹിന്ദു അല്ലാതായിത്തീരുകയോ, തക്ക അധികാരിതയുള്ള കോടതിയാൽ ചിത്തഭ്രമമുള്ളവളാണെന്ന് പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിട്ടുള്ളതോ ആയവളും ആയ ഏതെങ്കിലും ഹിന്ദു സ്ത്രീയ്ക്ക് പുത്രനെയോ പുത്രിയെയോ ദത്തെടുക്കുവാൻ സമർത്ഥതയുണ്ട്.

9. ദത്തുകൊടുക്കുവാൻ സമർത്ഥതയുള്ള ആളുകൾ.—(1) പിതാവിനോ മാതാവിനോ കുട്ടിയുടെ രക്ഷാകർത്താവിനോ ഒഴികെ യാതൊരാൾക്കും ഒരു കുട്ടിയെ ദത്തുകൊടുക്കുവാൻ സമർത്ഥതയുണ്ടായിരിക്കുന്നതല്ല.

(2) (3)-ാം ഉപവകുപ്പിലേയും (4)-ാം ഉപവകുപ്പിലേയും വ്യവസ്ഥകൾക്കു വിധേയമായി, പിതാവ് ജീവിച്ചിരിപ്പുണ്ടെങ്കിൽ ദത്തുകൊടുക്കുവാൻ അയാൾക്കു മാത്രം അവകാശമുണ്ടായിരിക്കുന്നതും, എന്നാൽ മാതാവ് പൂർണ്ണമായും അവസാനമായും ലൗകിക ജീവിതം പരിത്യജിക്കുകയോ ഹിന്ദു അല്ലാതായിത്തീരുകയോ തക്ക അധികാരിതയുള്ള കോടതിയാൽ ചിത്തഭ്രമമുള്ളവളാണെന്ന് പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തപക്ഷം, മാതാവിന്റെ സമ്മതത്തോടുകൂടിയല്ലാതെ, അങ്ങനെയുള്ള അവകാശം പ്രയോഗിക്കാൻ പാടുള്ളതല്ലാത്തതും ആകുന്നു.

(3) പിതാവ് മരിച്ചുപോവുകയോ, പൂർണ്ണമായും അവസാനമായും ലൗകികജീവിതം പരിത്യജിക്കുകയോ, ഹിന്ദു അല്ലാതായിത്തീരുകയോ, തക്ക അധികാരിതയുള്ള ഒരു കോടതിയാൽ ചിത്തഭ്രമമുള്ളവനാണെന്ന് പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, മാതാവിന് കുട്ടിയെ ദത്ത് കൊടുക്കാവുന്നതാണ്.

(4) പിതാവും മാതാവും മരിച്ചുപോവുകയോ അല്ലെങ്കിൽ അവർ പൂർണ്ണമായും അവസാനമായും ലൗകികജീവിതം പരിത്യജിക്കുകയോ കുട്ടിയെ ഉപേക്ഷിക്കുകയോ തക്ക അധികാരിതയുള്ള കോടതിയാൽ ചിത്തഭ്രമമുള്ളവരെന്ന് പ്രഖ്യാപിക്കപ്പെടുകയോ ചെയ്തിട്ടുള്ളിടത്തോ അല്ലെങ്കിൽ മാതാപിതാക്കന്മാർ ആരെന്ന് അറിയപ്പെടാത്തിടത്തോ, കുട്ടിയുടെ രക്ഷാകർത്താവിന് കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി, രക്ഷാകർത്താവ് കൂടി ഉൾപ്പെടെയുള്ള ഏതെങ്കിലും ആൾക്ക് കുട്ടിയെ ദത്തുകൊടുക്കാവുന്നതാണ്.

(5) 4-ാം ഉപവകുപ്പിൻ കീഴിൽ ഒരു രക്ഷാകർത്താവിന് അനുവാദം നൽകുന്നതിന് മുമ്പായി, ദത്ത്, കുട്ടിയുടെ ക്ഷേമത്തിനായിരിക്കുമെന്നും, ഇതിലേക്കു കുട്ടിയുടെ പ്രായവും ധാരണ ശക്തിയും കണക്കിലെടുത്തു കൊണ്ട് കുട്ടിയുടെ ആഗ്രഹങ്ങൾക്ക് ശരിയായ പരിഗണന നല്കിയിരിക്കണം— ദത്തിന് പ്രതിഫലമായി കോടതി സാങ്ഷൻ ചെയ്യാത്ത ഏതെങ്കിലും പണമോ സമ്മാനമോ, അനുവാദത്തിനുള്ള അപേക്ഷകൻ സ്വീകരിക്കുകയോ സ്വീകരിക്കുവാൻ കരാർ ചെയ്യുകയോ അയാൾക്ക് ആരെങ്കിലും നൽകുകയോ നല്കുവാൻ കരാർ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും, കോടതിക്ക് ബോധ്യപ്പെടേണ്ടതാകുന്നു.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്—

(i) "പിതാവ്" എന്നും "മാതാവ്" എന്നും ഉള്ള പദങ്ങളിൽ ദത്തെടുത്ത പിതാവും ദത്തെടുത്ത മാതാവും ഉൾപ്പെടുന്നില്ല;

(ia) "രക്ഷാകർത്താവ്" എന്നാൽ കുട്ടിയുടെ ശരീരത്തിന്റെ അല്ലെങ്കിൽ കുട്ടിയുടെ ശരീരത്തിന്റെയും വസ്തുവിന്റെയും മേൽനോട്ടമുള്ള ആൾ എന്നർത്ഥമാകുന്നതും അതിൽ—

(ക) കുട്ടിയുടെ പിതാവിന്റെയോ മാതാവിന്റെയോ മരണശാസനത്താൽ നിയമിക്കപ്പെട്ട രക്ഷാകർത്താവും;

(ഖ) കോടതി നിയമിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്ത രക്ഷാകർത്താവും,

ഉൾപ്പെടുന്നതും ആകുന്നു.

(ii) "കോടതി" എന്നാൽ ദത്ത് എടുക്കുവാനുള്ള കുട്ടി, ഏതു സിററി സിവിൽകോടതിയുടേയോ ജില്ലാക്കോടതിയുടേയോ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ സാധാരണമായി താമസിക്കുന്നത്, ആ കോടതി എന്നർത്ഥമാകുന്നു.

10. ദത്തെടുക്കപ്പെടാവുന്ന ആളുകൾ.—യാതൊരാൾക്കും താഴെപ്പറയുന്ന ഉപാധികൾ നിറവേററപ്പെടാത്തപക്ഷം ദത്തെടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല ; അതായത്:—

(i) ആ ആൾ ഹിന്ദുവായിരിക്കണം ;

(ii) ആ ആൾ മുമ്പ് ദത്തെടുക്കപ്പെട്ടിട്ടില്ലാതിരിക്കണം ;

(iii) കക്ഷികൾക്ക് ബാധകമായ, വിവാഹിതരായ ആളുകളെ ദത്തെടുക്കുവാൻ അനുവദിക്കുന്ന ആചാരമോ വഴക്കമോ ഇല്ലാത്ത പക്ഷം, ആ ആൾ വിവാഹം കഴിച്ചിട്ടില്ലാതിരിക്കണം ;

(iv) കക്ഷികൾക്ക് ബാധകമായ, പതിനഞ്ചു വയസ്സ് പൂർത്തിയായ ആളുകളെ ദത്തെടുക്കുവാൻ അനുവദിക്കുന്ന ആചാരമോ വഴക്കമോ ഇല്ലാത്തപക്ഷം ആ ആൾക്ക് പതിനഞ്ച് വയസ്സ് പൂർത്തിയായിട്ടില്ലാതിരിക്കണം.

11. സാധുവായ ദത്തിനുള്ള മററ് ഉപാധികൾ.—ഏതൊരു ദത്തിലും താഴെപ്പറയുന്ന ഉപാധികൾ അനുരോധകമായിരിക്കണം:—

(i) ദത്ത് ഒരു പുത്രന്റേതാണെങ്കിൽ, ദത്ത് വഴിയുള്ള പിതാവിനോ മാതാവിനോ ദത്ത് സമയത്ത് ഹിന്ദുവായ ഒരു പുത്രനോ പൗത്രനോ പ്രപൗത്രനോ (നിയമാനുസൃതമായ വേഴ്ചയിലുള്ള രക്തബന്ധത്താലോ ദത്തിനാലോ ഉള്ളതായാലും) ജീവിച്ചിരിപ്പുണ്ടായിരിക്കരുത് ;

(ii) ദത്ത് ഒരു പുത്രിയുടേതാണെങ്കിൽ, ദത്തുവഴിയുള്ള പിതാവിനോ മാതാവിനോ ദത്ത് സമയത്ത് ഹിന്ദുവായ ഒരു പുത്രിയോ പൗത്രിയോ (നിയമാനുസൃതമായ വേഴ്ചയിലുള്ള രക്തബന്ധത്താലോ ദത്തിനാലോ ഉള്ള തരത്തിലും) ജീവിച്ചിരിപ്പുണ്ടായിരിക്കരുത് ;

(iii) ദത്തെടുക്കുന്നത് ഒരു പുരുഷനും, ദത്തെടുക്കപ്പെടുന്നത് ഒരു സ്ത്രീയും ആണെങ്കിൽ, ദത്തുവഴി പിതാവിന് ദത്തെടുക്കപ്പെടുന്ന ആളെക്കാൾ കുറഞ്ഞപക്ഷം ഇരുപത്തൊന്നു വയസ്സു കൂടുതലായിരിക്കണം ;

(iv) ദത്തെടുക്കുന്നത് ഒരു സ്ത്രീയും ദത്തെടുക്കപ്പെടുന്നത് ഒരു പുരുഷനും ആണെങ്കിൽ ദത്തുവഴി മാതാവിന് ദത്തെടുക്കപ്പെടുന്ന ആളെക്കാൾ കുറഞ്ഞ പക്ഷം ഇരുപത്തൊന്നുവയസ്സ് കൂടുതലായിരിക്കണം ;

(v) ഒരേ കുട്ടിയെ ഒരേസമയത്ത് രണ്ടോ അതിലധികമോ ആളുകൾക്ക് ദത്തെടുക്കാവുന്നതല്ല ;

(vi) ദത്തെടുക്കാനുള്ള കുട്ടിയെ, ആ കുട്ടി ജനിച്ച കുടുംബത്തിൽ നിന്നോ, അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ട ഒരു കുട്ടിയുടേയോ അല്ലെങ്കിൽ മാതാപിതാക്കൻമാർ ആരെന്ന് അറിയപ്പെടാത്ത ഒരു കുട്ടിയുടേയോ സംഗതിയിൽ, അത് വളർത്തപ്പെട്ട സ്ഥലത്തോ കുടുംബത്തിലോ നിന്നോ ദത്തെടുക്കുന്ന കുടുംബത്തിലേയ്ക്ക് കുട്ടിയെ കൈമാററം ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി, അതത് മാതാപിതാക്കൻമാരോ രക്ഷാകർത്താവോ അല്ലെങ്കിൽ അവരുടെ പ്രാധികാരത്തിൻ കീഴിലോ, യഥാർത്ഥത്തിൽ ദത്ത് കൊടുക്കുകയും, എടുക്കുകയും ചെയ്തിരിക്കണം:

എന്നാൽ ദത്ത് സാധുവാകുന്നതിന് ദത്തഹോമം നടത്തുന്നത് ആവശ്യമല്ല.

12. ദത്തിന്റെ ഫലങ്ങൾ.—ദത്ത് തീയതി മുതൽ, ദത്തെടുക്കപ്പെട്ട കുട്ടി ദത്തുവഴിയുള്ള പിതാവിന്റേയോ മാതാവിന്റേയോ കുട്ടിയായി എല്ലാ കാര്യങ്ങൾക്കും കരുതപ്പെടുന്നതും അങ്ങനെയുള്ള തീയതി മുതൽ കുട്ടിയുടെ ജനിച്ച കുടുംബവുമായുള്ള എല്ലാ ബന്ധങ്ങളും വേർപെടുത്തിയതായും ദത്തെടുത്ത കുടുംബത്തിൽ ദത്തിനാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബന്ധങ്ങൾ പകരം സ്ഥാപിച്ചതായും കരുതപ്പെടുന്നതും ആകുന്നു:

എന്നാൽ—

(ക) ജനിച്ച കുടുംബത്തിൽ തന്നെ തുടർന്നിരുന്നുവെങ്കിൽ തനിയ്ക്ക് വിവാഹം കഴിക്കാമായിരുന്നതല്ലാത്ത ഏതെങ്കിലും ആളെ കുട്ടിക്ക് വിവാഹം കഴിക്കാവുന്നതല്ല ;

(ഖ) ദത്തിനുമുമ്പായി ദത്തെടുക്കപ്പെട്ട കുട്ടിയിൽ നിക്ഷിപ്തമായിരുന്ന ഏതെങ്കിലും വസ്തു, അയാൾ ജനിച്ച കുടുംബത്തിലെ ബന്ധുക്കളെ സംരക്ഷിക്കാനുള്ള കടപ്പാട് ഉൾപ്പെടെ അങ്ങനെയുള്ള വസ്തുവിന്റെ ഉടമാവകാശത്തെ ബന്ധിക്കുന്ന കടപ്പാടുകൾ ഏതെങ്കിലും ഉണ്ടെങ്കിൽ, അതിന് വിധേയമായി, അങ്ങനെയുള്ള ആളിൽതന്നെ തുടർന്ന് നിക്ഷിപ്തമായിരിക്കുന്നതാണ് ;

(ഗ) ദത്തെടുക്കപ്പെട്ട കുട്ടി, ദത്തിന് മുൻപ് ഏതെങ്കിലും ആളിൽ നിക്ഷിപ്തമായിരുന്ന ഏതെങ്കിലും എസ്റേററ്റ് അയാളിൽനിന്ന് എടുത്തുകളയുന്നില്ല.

13. ദത്തുവഴി മാതാപിതാക്കൻമാർക്ക് തങ്ങളുടെ വസ്തുക്കൾ വ്യയനം ചെയ്യാനുള്ള അവകാശം.—വിപരീതമായ ഏതെങ്കിലും കരാറിന് വിധേയമായി, ദത്ത്, ദത്തുവഴിയുള്ള പിതാവിനോ മാതാവിനോ തങ്ങളുടെ വസ്തുക്കൾ, ജീവിച്ചിരിപ്പുള്ളവർ തമ്മിലുള്ള കൈമാററത്താലോ മരണശാസനത്താലോ വ്യയനം ചെയ്യുന്നതിനുള്ള അധികാരം ഇല്ലാതാക്കുന്നില്ല.

14. ചില സംഗതികളിൽ ദത്തുവഴിയുള്ള മാതാവ് ആരാണെന്ന് നിശ്ചയിക്കുന്നത്. — (1) ഒരു ഭാര്യ ജീവിച്ചിരിപ്പുള്ള ഹിന്ദു ഒരു കുട്ടിയെ ദത്തെടുക്കുന്നിടത്ത്, അവൾ ദത്തുവഴി മാതാവായി കരുതപ്പെടുന്നതാകുന്നു.

(2) ഒന്നിലധികം ഭാര്യമാരുടെ സമ്മതത്തോടുകൂടി ദത്തെടുത്തിട്ടുള്ളിടത്ത്, അവരിൽ ആദ്യം വിവാഹംചെയ്ത ഭാര്യ ദത്തുവഴി മാതാവായും മററുള്ളവർ രണ്ടാനമ്മമാരായും കരുതപ്പെടുന്നതാകുന്നു.

(3) മൃതഭാര്യനോ അവിവാഹിതനോ ഒരു കുട്ടിയെ ദത്തെടുക്കുന്നിടത്ത്, അയാൾ പിന്നീട് വിവാഹം കഴിക്കുന്ന ഏതെങ്കിലും ഭാര്യ, ദത്തെടുത്ത കുട്ടിയുടെ രണ്ടാനമ്മയായി കരുതപ്പെടുന്നതാകുന്നു.

(4) വിധവയോ അവിവാഹിതയോ ഒരു കുട്ടിയെ ദത്തെടുക്കുന്നിടത്ത് അവൾ പിന്നീട് വിവാഹം കഴിക്കുന്ന ഏതെങ്കിലും ഭർത്താവ്, ദത്തെടുത്ത കുട്ടിയുടെ രണ്ടാനച്ഛനായി കരുതപ്പെടുന്നതാകുന്നു.

15. സാധുവായ ദത്ത് ദുർബലപ്പെടുത്താവുന്നതല്ലെന്ന്. — സാധുവായി ചെയ്യപ്പെട്ടിട്ടുള്ള യാതൊരു ദത്തും ദത്തുവഴിയുള്ള പിതാവിനോ മാതാവിനോ മററതെങ്കിലും ആൾക്കോ ദുർബലപ്പെടുത്താവുന്നതോ, ദത്തെടുക്കപ്പെട്ട കുട്ടിക്ക് തൻെറ അങ്ങനെയുള്ള പദവി പരിത്യജിക്കുകയും താൻ ജനിച്ച കുടുംബത്തിലേയ്ക്ക് മടങ്ങിപ്പോവുകയും ചെയ്യാവുന്നതോ അല്ല.

16. ദത്തിനെക്കുറിച്ചുള്ള രജിസ്ററർ രേഖകൾ സംബന്ധിച്ച അനുമാനം.— കുട്ടിയെ ദത്തുകൊടുക്കുന്ന ആളും ദത്തെടുക്കുന്ന ആളും ഒപ്പിട്ടിട്ടുള്ളതും, ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ദത്ത് രേഖപ്പെടുത്തുന്നതായി കരുതപ്പെടുന്നതും തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻ കീഴിൽ രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ളതും ആയ ഏതെങ്കിലും രേഖ ഏതെങ്കിലും കോടതിയുടെ മുമ്പാകെ ഹാജരാക്കുമ്പോഴൊക്കെ, ദത്ത് ഈ ആക്ററിൻെറ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യപ്പെട്ടിട്ടുള്ളതാണെന്ന്, അങ്ങനെയല്ലെന്ന് തെളിയിക്കാത്ത പക്ഷവും തെളിയിക്കുന്നതുവരെയും, കോടതി അനുമാനിക്കേണ്ടതാകുന്നു.

17. ചില സംഗതികളിൽ പണം കൊടുക്കുന്നതിൻെറ നിരോധനം. — (1) യാതൊരാളും, ഏതെങ്കിലും ആളുടെ ദത്തിന് പ്രതിഫലമായി വല്ല പണമോ മററു സമ്മാനമോ സ്വീകരിക്കുകയോ സ്വീകരിക്കുവാൻ കരാർ ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതും, സ്വീകരിക്കുന്നത് ഈ വകുപ്പിനാൽ നിരോധിച്ചിട്ടുള്ള വല്ല പണമോ സമ്മാനമോ യാതൊരാളും മററതെങ്കിലും ആൾക്ക്, നല്കുകയോ നല്കാൻ കരാർ ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(2) ഏതെങ്കിലും ആൾ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്നുവെങ്കിൽ, ആ ആൾ ആറുമാസംവരെയാകാവുന്ന തടവോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) സ്റേറററ് ഗവൺമെൻറിൻേറയോ, അല്ലെങ്കിൽ സ്റേറററ് ഗവൺമെൻറ് ഇതിലേക്ക് പ്രാധികാരം നല്കിയിട്ടുള്ള ഉദ്യോഗസ്ഥൻേറയോ മുൻകൂട്ടിയുള്ള സാങ്ഷനില്ലാതെ ഈ വകുപ്പിൻകീഴിൽ യാതൊരു പ്രാസിക്യൂഷനും ആരംഭിക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം III

## സംരക്ഷണം

18. ഭാര്യയുടെ സംരക്ഷണം.— (1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഹിന്ദു ഭാര്യയ്ക്ക് അവൾ വിവാഹം ചെയ്തത് ഈ ആക്ററിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആയാലും, തന്റെ ജീവിത കാലത്ത് തന്റെ ഭർത്താവിനാൽ സംരക്ഷിക്കപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഒരു ഹിന്ദു ഭാര്യയ്ക്ക്, സംരക്ഷണത്തിനുള്ള തന്റെ അവകാശം നഷ്ടപ്പെടാതെ ഭർത്താവിൽനിന്ന് വേർപ്പെട്ട് ജീവിക്കുന്നതിന്—

(ക) അയാൾ അഭിത്യജനത്തിന്, അതായത്, ന്യായമായ കാരണം കൂടാതേയും അവളുടെ സമ്മതം കൂടാതേയും അല്ലെങ്കിൽ അവളുടെ ആഗ്രഹത്തിനെതിരായും അവളെ ഉപേക്ഷിക്കുകയോ അവളോട് മനഃപൂർവ്വം ഉപേക്ഷ കാണിക്കുകയോ ചെയ്യുന്നതിന്, അപരാധിയാണെങ്കിലോ ;

(ഖ) തന്റെ ഭർത്താവിന്റെകൂടെ ജീവിക്കുന്നത് ഹാനികരമോ ക്ഷതികരമോ ആണെന്നുള്ള ന്യായമായ ആശങ്ക മനസ്സിൽ ഉളവാകത്തക്കവിധം ക്രൂരതയോടുകൂടി അയാൾ അവളോട് പെരുമാറിയിട്ടുണ്ടെങ്കിലോ ;

(ഗ) അയാൾക്ക് ഉഗ്രമായ കുഷ്ഠരോഗം ബാധിച്ചിരിക്കുകയാണെങ്കിലോ ;

(ഘ) അയാളുടെ വേറെ ഏതെങ്കിലും ഭാര്യ ജീവിച്ചിരിപ്പുണ്ടെങ്കിലോ ;

(ങ) അയാൾ തന്റെ ഭാര്യ താമസിക്കുന്ന അതേ വീട്ടിൽ ഒരു വെപ്പാട്ടിയെ വച്ചുകൊണ്ടിരിക്കുകയോ അല്ലെങ്കിൽ മററവിടെയെങ്കിലും ഒരു വെപ്പാട്ടിയുമായി പതിവായി താമസിക്കുകയോ ചെയ്യുകയാണെങ്കിലോ ;

(ച) മററൊരു മതത്തിലേക്കുള്ള പരിവർത്തനത്താൽ അയാൾ ഹിന്ദു അല്ലാതായി തീർന്നിട്ടുണ്ടെങ്കിലോ ;

(ഛ) അവൾ വേർപെട്ടു ജീവിക്കുന്നത് നീതീകരിക്കത്തക്ക മറേറതെങ്കിലും കാരണം ഉണ്ടെങ്കിലോ;

അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ഒരു ഹിന്ദു ഭാര്യ, അവൾ, ചാരിത്രവതിയല്ലെങ്കിലോ അല്ലെങ്കിൽ മററൊരു മതത്തിലേക്കുള്ള പരിവർത്തനത്താൽ ഹിന്ദുവല്ലാതായിത്തീരുകയാണെങ്കിലോ അവൾക്ക് തന്റെ ഭർത്താവിൽനിന്ന് വേർപ്പെട്ടുള്ള താമസത്തിനും സംരക്ഷണത്തിനും അവകാശമുണ്ടായിരിക്കുന്നതല്ല.

19. വിധവയായ പുത്രഭാര്യയുടെ സംരക്ഷണം.— (1) ഒരു ഹിന്ദു ഭാര്യയ്ക്ക്, അവൾ വിവാഹം ചെയ്തത് ഈ ആക്ററിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആയാലും, തന്റെ ഭർത്താവിന്റെ മരണശേഷം ശ്വശുരനാൽ സംരക്ഷിക്കപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ് :

എന്നാൽ അവളുടെ സ്വന്തം സമ്പാദ്യത്തിൽനിന്നോ മററു വസ്തുവിൽ നിന്നോ അവൾക്ക് സ്വയം സംരക്ഷിക്കുവാൻ കഴിയാതിരിക്കുകയോ, അല്ലെങ്കിൽ അവൾക്ക് സ്വന്തമായി യാതൊരു വസ്തുവും ഇല്ലാത്തിടത്ത്—

(ക) തന്റെ ഭർത്താവിന്റേയോ തന്റെ പിതാവിന്റേയോ മാതാവിന്റേയോ എസ്റേററിൽനിന്നോ ;

(ഖ) തനിക്ക് പുത്രനോ പുത്രിയോ ഉണ്ടെങ്കിൽ ആ ആളിൽനിന്നോ ആ ആളുടെ എസ്റേററിൽനിന്നോ ;

സംരക്ഷണം ലഭിക്കാൻ കഴിയാതിരിക്കുകയോ, ചെയ്യുന്ന പക്ഷവും കഴിയാതിരിക്കുന്നിടത്തോളവും, ആണ് അങ്ങനെ അവകാശമുള്ളത്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും കടപ്പാട് ശ്വശുരന് തന്റെ കൈവശത്തിലിരിക്കുന്നതും പുത്രഭാര്യയ്ക്ക് ഓഹരിയൊന്നും ലഭിച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും കൂട്ടുദായവസ്തുവിൽനിന്ന് അപ്രകാരം ചെയ്യുന്നതിനുള്ള മാർഗ്ഗമില്ലെങ്കിൽ, നിർവ്വഹിപ്പിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും കടപ്പാട് പുത്രഭാര്യയുടെ പുനർവിവാഹത്തോടു കൂടി അവസാനിക്കുന്നതും ആകുന്നു.

20. കുട്ടികളുടേയും വൃദ്ധരായ മാതാപിതാക്കൻമാരുടേയും സംരക്ഷണം.— (1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഹിന്ദു തന്റെ ജീവിതകാലത്ത് നിയമാനുസൃത വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധ വേഴ്ചയിലുണ്ടായതോ ആയ തന്റെ കുട്ടികളേയും വൃദ്ധരോ ദുർബലരോ ആയ തന്റെ മാതാപിതാക്കൻമാരേയും സംരക്ഷിക്കുന്നതിന് ബാദ്ധ്യസ്ഥനാകുന്നു.

(2) നിയമാനുസൃത വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധ വേഴ്ചയിലുണ്ടായതോ ആയ ഒരു കുട്ടിക്ക് താൻ മൈനറായിരിക്കുന്ന കാലത്തോളം തന്റെ പിതാവിൽനിന്നോ മാതാവിൽനിന്നോ സംരക്ഷണം അവകാശപ്പെടാവുന്നതാണ്.

(3) തന്റെ വൃദ്ധരോ ദുർബലരോ ആയ മാതാപിതാക്കൻമാരേയോ അവിവാഹിതയായ ഒരു പുത്രിയേയോ സംരക്ഷിക്കുന്നതിനുള്ള ഒരാളുടെ കടപ്പാട്, അതതു സംഗതിപോലെ, ആ മാതാപിതാക്കൻമാർക്കോ പുത്രിക്കോ അവരുടെ സ്വന്തം സമ്പാദ്യത്തിൽനിന്നോ മററു വസ്തുവിൽനിന്നോ സ്വയം സംരക്ഷിക്കുവാൻ കഴിവില്ലാത്തിടത്തോളം മാത്രം വ്യാപിക്കുന്നതാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ "മാതാപിതാക്കൻമാർ" എന്നതിൽ സന്താനമില്ലാത്ത വിമാതാവും ഉൾപ്പെടുന്നു.

21. ആശ്രിതർ-നിർവചനം.—ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് "ആശ്രിതർ" എന്നാൽ മരിച്ചുപോയ ആളുടെ താഴെപ്പറയുന്ന സംബന്ധികൾ എന്നർത്ഥമാകുന്നു:—

(i) അവന്റേയോ അവളുടേയോ പിതാവ്;

(ii) അവന്റേയോ അവളുടേയോ മാതാവ്;

(iii) അവന്റെ വിധവ, അവൾ പുനർവിവാഹം ചെയ്യാത്തിടത്തോളം കാലം;

(iv) അവന്റേയോ അവളുടേയോ പുത്രനോ, അല്ലെങ്കിൽ അവന്റെ മുമ്പേ മരിച്ച പുത്രന്റെ പുത്രനോ, അല്ലെങ്കിൽ അവന്റെ മുമ്പേ മരിച്ച പുത്രന്റെ മുമ്പേമരിച്ച പുത്രന്റെ പുത്രനോ,—അയാൾ മൈനറായിരിക്കുന്നിടത്തോളം: എന്നാൽ പൗത്രന്റെ സംഗതിയിൽ അവന്റെ പിതാവിന്റേയോ മാതാവിന്റേയോ എസ്റേറററിൽനിന്നും, പ്രപൗത്രന്റെ സംഗതിയിൽ അവന്റെ പിതാവിന്റേയോ മാതാവിന്റേയോ പിതാമഹന്റേയോ പിതാമഹിയുടേയോ എസ്റേറററിൽനിന്നും സംരക്ഷണം ലഭിക്കുവാൻ കഴിയാതിരിക്കുന്നപക്ഷം കഴിയാത്തിടത്തോളവും,

(v) അവന്റേയോ അവളുടേയോ അവിവാഹിതയായ പുത്രിയോ അല്ലെങ്കിൽ അവന്റെ മുമ്പേമരിച്ച പുത്രന്റെ അവിവാഹിതയായ പുത്രിയോ, അല്ലെങ്കിൽ അവന്റെ മുമ്പേമരിച്ച പുത്രന്റെ മുമ്പേമരിച്ച പുത്രന്റെ അവിവാഹിതയായ പുത്രിയോ,—അവൾ അവിവാഹിതയായിരിക്കുന്നിടത്തോളം: എന്നാൽ പൗത്രിയുടെ സംഗതിയിൽ, അവളുടെ പിതാവിന്റേയോ മാതാവിന്റേയോ എസ്റേറററിൽനിന്നും പ്രപൗത്രിയുടെ സംഗതിയിൽ അവളുടെ

പിതാവിന്റേയോ മാതാവിന്റേയോ പിതാമഹന്റേയോ പിതാമഹിയുടേയോ എസ്റ്റേററില്‍നിന്നും അവര്‍ക്ക് സംരക്ഷണം ലഭിക്കുവാന്‍ കഴിയാതിരിക്കുന്ന പക്ഷവും കഴിയാത്തിടത്തോളവും ;

(vi) അയാളുടെ വിധവയായ പുത്രി : എന്നാല്‍—

(ക) അവളുടെ ഭര്‍ത്താവിന്റെ എസ്റ്റേററില്‍നിന്നോ ;

(ഖ) അവര്‍ക്ക് പുത്രനോ പുത്രിയോ ഉണ്ടെങ്കില്‍ അവരില്‍നിന്നോ അവരുടെ എസ്റ്റേററില്‍നിന്നോ ;

(ഗ) അവളുടെ ശ്വശുരനില്‍നിന്നോ അയാളുടെ പിതാവില്‍നിന്നോ അല്ലെങ്കില്‍ അവരില്‍ ആരുടേയെങ്കിലും എസ്റ്റേററില്‍നിന്നോ, സംരക്ഷണം ലഭിക്കുവാന്‍ കഴിയാതിരിക്കുന്ന പക്ഷവും കഴിയാത്തിടത്തോളവും ;

(vii) അയാളുടെ പുത്രന്റേയോ അല്ലെങ്കില്‍ അയാളുടെ മുമ്പേമരിച്ച പുത്രന്റെ പുത്രന്റേയോ ഏതെങ്കിലും വിധവ,—അവര്‍ പുനര്‍വിവാഹം ചെയ്യാത്തകാലത്തോളം : എന്നാല്‍ അവളുടെ ഭര്‍ത്താവിന്റെ എസ്റ്റേററില്‍ നിന്നോ അല്ലെങ്കില്‍ അവര്‍ക്ക് പുത്രനോ പുത്രിയോ ഉണ്ടെങ്കില്‍ അവരില്‍ നിന്നോ അവരുടെ എസ്റ്റേററില്‍നിന്നോ; അല്ലെങ്കില്‍ പൗത്രന്റെ വിധവയുടെ സംഗതിയില്‍, അവളുടെ ശ്വശുരന്റെ എസ്റ്റേററില്‍നിന്നും കൂടിയോ, സംരക്ഷണം ലഭിക്കുവാന്‍ കഴിയാത്തപക്ഷവും കഴിയാത്തിടത്തോളവും ;

(viii) അവന്റേയോ അവളുടേയോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായ മൈനറായ പുത്രന്‍,—അവന്‍ ഒരു മൈനര്‍ ആയിരിക്കുന്നിടത്തോളം ;

(ix) അവന്റേയോ അവളുടേയോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായ പുത്രി,—അവര്‍ അവിവാഹിതയായിരിക്കുന്നിടത്തോളം.

22. <u>ആശ്രിതരുടെ സംരക്ഷണം.—</u> (1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകള്‍ക്ക് വിധേയമായി, മരിച്ചുപോയ ഒരു ഹിന്ദുവിന്റെ അനന്തരാവകാശികള്‍, മരിച്ചുപോയ ആളില്‍നിന്ന് തങ്ങള്‍ക്ക് അനന്തരാവകാശമായി ലഭിച്ചിട്ടുള്ള എസ്റ്റേററില്‍നിന്ന്, മരിച്ചുപോയ ആളുടെ ആശ്രിതരെ സംരക്ഷിക്കുവാന്‍ ബാദ്ധ്യസ്ഥരാകുന്നു.

(2) ഒരു ആശ്രിതനോ ആശ്രിതയ്ക്കോ, തനിക്ക് ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം മരിച്ചുപോയ ഒരു ഹിന്ദുവിന്റെ എസ്റ്റേററിലെ ഏതെങ്കിലും ഓഹരി മരണശാസനംവഴി ഉള്ളതോ മരണശാസനം കൂടാതെയുള്ളതോ ആയ പിന്‍തുടര്‍ച്ചവഴി ലഭിച്ചിട്ടില്ലാത്തിടത്ത്, എസ്റ്റേററ് ലഭിക്കുന്നവരില്‍ നിന്ന് സംരക്ഷണത്തിന്, ഈ ആക്ററിലെ വ്യവസ്ഥകള്‍ക്ക് വിധേയമായി, അവകാശമുണ്ടായിരിക്കുന്നതാണ്.

(3) എസ്റ്റേററ് ലഭിക്കുന്നവരില്‍ ഓരോ ആള്‍ക്കുമുള്ള ബാദ്ധ്യത, എസ്റ്റേററില്‍ തനിക്ക് ലഭിക്കുന്ന ഓഹരിയുടെയോ ഭാഗത്തിന്റേയോ മൂല്യത്തിനു ആനുപാതികമായിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പിലോ 3-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, താന്‍തന്നെ ഒരു ആശ്രിതനോ ആശ്രിതയോ ആയിട്ടുള്ള യാതൊരാള്‍ക്കും, തനിക്ക് ഓഹരിയോ ഭാഗമോ ലഭിച്ചിട്ടുണ്ടെങ്കില്‍, ആ ഓഹരിയുടേയോ ഭാഗത്തിന്റേയോ മൂല്യം ഈ ആക്ററിന്‍കീഴില്‍ തനിക്ക് സംരക്ഷണമായി അവാര്‍ഡ് ചെയ്യുന്നതിനേക്കാള്‍ കുറവാണെങ്കിലോ, അംശദാനം ചെയ്യാനുള്ള ബാദ്ധ്യത നിര്‍വ്വഹിക്കപ്പെടുന്നുവെങ്കില്‍ കുറവാകുമെങ്കിലോ, മററ് ആശ്രിതരുടെ സംരക്ഷണത്തിന് അംശദാനം ചെയ്യുവാന്‍ ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

23. സംരക്ഷണത്തുക.— (1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് കീഴിൽ ഏതെങ്കിലും സംരക്ഷണം അവാർഡ് ചെയ്യണമോ എന്നും, ചെയ്യണമെങ്കിൽ അത് എന്തായിരിക്കണമെന്നും നിശ്ചയിക്കുന്നത് കോടതിയുടെ വിവേകം ഉപയോഗിച്ചായിരിക്കേണ്ടതും, അപ്രകാരം ചെയ്യുന്നതിൽ കോടതി, അതതു സംഗതിപോലെ, (2)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ പ്രസ്താവിച്ചിരിക്കുന്ന പരിഗണനകൾ, അവ ബാധകമാകുന്നിടത്തോളം, യഥാർഹം കണക്കിലെടുക്കേണ്ടതും ആകുന്നു.

(2) ഈ ആക്ററിൻകീഴിൽ, ഭാര്യയ്ക്കോ, കുട്ടികൾക്കോ, വൃദ്ധരോ ദുർബലരോ ആയ മാതാപിതാക്കൻമാർക്കോ, അവാർഡ് ചെയ്യേണ്ട സംരക്ഷണത്തുക, അങ്ങനെ വല്ലതുമുണ്ടെങ്കിൽ, നിശ്ചയിക്കുന്നതിൽ—

(ക) കക്ഷികളുടെ സ്ഥിതിയും പദവിയും ;

(ഖ) അവകാശപ്പെടുന്ന ആളുടെ ന്യായമായ ആവശ്യങ്ങളും ;

(ഗ) അവകാശപ്പെടുന്ന ആൾ വേർ പട്ടാണ് ജീവിക്കുന്നതെങ്കിൽ അപ്രകാരം ജീവിക്കുന്നത് ന്യായീകരിക്കാവുന്നതാണോ എന്നുള്ളത് ;

(ഘ) അവകാശപ്പെടുന്ന ആളുടെ വസ്തുവിൻെറ മൂല്യവും അങ്ങനെയുള്ള വസ്തുവിൽനിന്നോ അവകാശപ്പെടുന്ന ആളുടെ സ്വന്തം സമ്പാദ്യത്തിൽ നിന്നോ മറേറതെങ്കിലും മാർഗ്ഗത്തിൽനിന്നോ ലഭിക്കുന്ന ഏതെങ്കിലും ആദായവും ;

(ങ) ഈ ആക്ററിൻകീഴിൽ സംരക്ഷണത്തിന് അവകാശമുള്ള ആളുകളുടെ എണ്ണവും, കണക്കിലെടുക്കേണ്ടതാകുന്നു.

(3) ഈ ആക്ററിൻകീഴിൽ, ഒരു ആശ്രിതനോ ആശ്രിതയ്ക്കോ അവാർഡ് ചെയ്യേണ്ട സംരക്ഷണത്തുക, അങ്ങനെ വല്ലതുമുണ്ടെങ്കിൽ, നിശ്ചയിക്കുന്നതിൽ—

(ക) മരിച്ചുപോയ ആളുടെ കടങ്ങൾ കൊടുത്തുതീർക്കാനുള്ളതിന് വകയിരുത്തിയതിനുശേഷമുള്ള അയാളുടെ എസ്റേററിൻെറ അററമൂല്യവും;

(ഖ) ആശ്രിതനേയോ ആശ്രിതയേയോ സംബന്ധിച്ച് മരിച്ചുപോയ ആളുടെ മരണശാസനത്തിൻ കീഴിൽ ഏതെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ അതും ;

(ഗ) രണ്ടുപേരും തമ്മിലുള്ള ബന്ധത്തിൻെറ ഡിഗ്രിയും ;

(ഘ) ആശ്രിതൻേറയോ ആശ്രിതയുടേയോ ന്യായമായ ആവശ്യങ്ങളും;

(ങ) ആശ്രിതനും അല്ലെങ്കിൽ ആശ്രിതയും മരിച്ചുപോയ ആളും തമ്മിലുള്ള പൂർവ്വബന്ധങ്ങളും ;

(ച) ആശ്രിതൻേറയോ ആശ്രിതയുടേയോ വസ്തുവിൻെറ മൂല്യവും അങ്ങനെയുള്ള വസ്തുവിൽനിന്നോ അയാളുടെയോ അവളുടെയോ സമ്പാദ്യത്തിൽ നിന്നോ മറേറതെങ്കിലും മാർഗ്ഗത്തിൽനിന്നോ ലഭിക്കുന്ന ഏതെങ്കിലും ആദായവും ;

(ഛ) ഈ ആക്ററിൻകീഴിൽ സംരക്ഷണത്തിന് അവകാശമുള്ള ആശ്രിതരുടെ എണ്ണവും, കണക്കിലെടുക്കേണ്ടതാകുന്നു.

24. സംരക്ഷണം അവകാശപ്പെടുന്ന ആൾ ഹിന്ദു ആയിരിക്കണമെന്ന്.— യാതൊരാൾക്കും, അവനോ അവളോ മറെറാരു മതത്തിലേക്കുള്ള പരിവർത്തനത്താൽ ഹിന്ദു അല്ലാതായിത്തീർന്നിട്ടുണ്ടെങ്കിൽ ഈ അദ്ധ്യായത്തിൻ കീഴിൽ സംരക്ഷണത്തിന് അവകാശപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

25. പരിതഃസ്ഥിതികൾ മാറുമ്പോൾ സംരക്ഷണത്തുക വ്യത്യാസപ്പെടുത്താവുന്നതാണെന്ന്.—സംരക്ഷണത്തുക, അത് കോടതിവിധിയാലോ കരാറിനാലോ ഈ ആക്ററിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ നിശ്ചയിച്ചിട്ടുള്ളതായാലും, അത് പിന്നീട് വ്യത്യാസപ്പെടുത്തുന്നത് ന്യായീകരിക്കത്തക്ക സാരമായ മാററം പരിതഃസ്ഥിതികളിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അങ്ങനെ വ്യത്യാസപ്പെടുത്താവുന്നതാണ്.

26. കടങ്ങൾക്ക് മുൻഗണന വേണമെന്ന്.—27-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, മരിച്ചുപോയ ആൾക്ക് ഉണ്ടായിട്ടുള്ളതോ അയാൾ കൊടുത്തുതീർക്കേണ്ടതോ ആയ എല്ലാ വിധത്തിലുള്ള കടങ്ങൾക്കും, അയാളുടെ ആശ്രിതർക്ക് ഈ ആക്ററിൻ കീഴിൽ സംരക്ഷണത്തിനുള്ള അവകാശത്തേക്കാൾ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

27. സംരക്ഷണം എപ്പോൾ ചാർജ്ജായിരിക്കണമെന്ന്.—ഒരു ആശ്രിതനോ ആശ്രിതയ്ക്കോ ഈ ആക്ററിൻ കീഴിൽ സംരക്ഷണത്തിനുള്ള അവകാശം മരിച്ചുപോയ ആളുടെ എസ്റേററിൻമേലോ അതിന്റെ ഏതെങ്കിലും ഭാഗത്തിൻമേലോ, മരിച്ചുപോയ ആളുടെ മരണശാസനത്താലോ കോടതിവിധിയാലോ ആ ആശ്രിതനും അല്ലെങ്കിൽ ആശ്രിതയും എസ്റേററിന്റെയോ ഭാഗത്തിന്റെയോ ഉടമസ്ഥനും തമ്മിലുള്ള കരാറിനാലോ മററുവിധത്തിലോ, ഒരു ചാർജ്ജ് സൃഷ്ടിച്ചിട്ടില്ലാത്തപക്ഷം; ചാർജ്ജ് ആയിരിക്കുന്നതല്ല.

28. സംരക്ഷണാവകാശത്തിൻമേൽ വസ്തു കൈമാററത്തിനുള്ള പ്രഭാവം.—ഒരു ആശ്രിതനോ ആശ്രിതയ്ക്കോ ഒരു എസ്റേററിൽനിന്ന് സംരക്ഷണം ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുകയും, ആ എസ്റേററോ അതിന്റെ ഏതെങ്കിലും ഭാഗമോ കൈമാററം ചെയ്യുകയും ചെയ്യുന്നിടത്ത്, കൈമാററം കിട്ടിയ ആൾക്ക് ആ അവകാശത്തെപ്പററി നോട്ടീസുണ്ടെങ്കിലോ കൈമാററം സൗജന്യമായിട്ടാണെങ്കിലോ, കൈമാററം കിട്ടിയ ആൾക്കെതിരായി സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം പ്രാവർത്തികമാക്കാവുന്നതും, എന്നാൽ പ്രതിഫലത്തിൻമേലും ആ അവകാശത്തെക്കുറിച്ച് നോട്ടീസ് കൂടാതെയും കൈമാററം കിട്ടിയ ആൾക്ക് എതിരായി അത് പ്രാവർത്തികമാക്കാവുന്നതല്ലാത്തതും ആകുന്നു.

## അദ്ധ്യായം IV

## റദ്ദാക്കലും ഒഴിവാക്കലും

29. റദ്ദാക്കൽ.—റദ്ദാക്കലും ഭേദഗതിചെയ്യലും ആക്ററ്, 1960 (1960-ലെ 58) 2-ാം വകുപ്പിനാലും ഒന്നാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

30. ഒഴിവാക്കൽ.—ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, ഈ ആക്ററിന്റെ പ്രാരംഭത്തിനുമുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും ദത്തിനെ ബാധിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും ദത്തിന്റെ സാധുതയും പ്രഭാവവും ഈ ആക്ററ് പാസ്സാക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ എങ്ങനെയോ, അങ്ങനെ നിശ്ചയിക്കേണ്ടതും ആകുന്നു.

# GLOSSARY OF THE HINDU ADOPTION AND MAINTENANCE ACT

## A

| | |
|---|---|
| Adoption 1 | ദത്ത് |
| Adoptive family 5 (2) | ദത്തെടുത്ത കുടുംബം |
| Adoptive father 9 Expl. (i) | ദത്തെടുത്ത പിതാവ് |
| Adoptive mother 9 Expl. (i) | ദത്തെടുത്ത മാതാവ് |
| Aged parents 20 | വൃദ്ധരായ മാതാപിതാക്കൾ |

## B

| | |
|---|---|
| Bachelor 14 (3) | അവിവാഹിതൻ |

## C

| | |
|---|---|
| Capacity 6 (i) | സമർത്ഥത |
| Charge 27 | ചാർജ്ജ് |
| Childless 20 (3) Expl. | സന്താനമില്ലാത്ത |
| Claimant 23 (2) (b) | അവകാശപ്പെടുന്ന ആൾ |
| Clothing 3 (b) (i) | വസ്ത്രം |
| Completely and finally 7 | പൂർണ്ണമായും അവസാനമായും |
| Concubine 18 (2) (e) | വെപ്പാട്ടി |
| Contravene 17 (2) | ലംഘിക്കുക |
| Court of competent jurisdiction 7 | തക്ക അധികാരിതയുള്ള കോടതി |

## D

| | |
|---|---|
| Datta homam 11 (vi) | ദത്തഹോമം |
| Daughter-in-law 19 (2) | പുത്രഭാര്യ |
| Degree of relationship 23 (3) (c) | ബന്ധത്തിന്റെ ഡിഗ്രി |
| Dependent 21 | ആശ്രിതൻ |

## E

| | |
|---|---|
| Earning 19 | സമ്പാദ്യം |
| Education 3 (b) (i) | വിദ്യാഭ്യാസം |

## F

| | |
|---|---|
| Family of birth 5 (2) | ജനിച്ച കുടുംബം |
| Food 3 (b) (i) | ആഹാരം |
| Forfeit 18 (2) | നഷ്ടപ്പെടുക |

## G

| | |
|---|---|
| Gratuitous 28 | സൗജന്യമായി |
| Guardian 9 | രക്ഷാകർത്താവ് |

## H

| | |
|---|---|
| Habitually 18 (2) (e) | പതിവായി |

| | |
|---|---|
| | I |
| Infirm 20 (1) | ദുർബ്ബലമായ |
| Inter vivos 13 | ജീവിച്ചിരിപ്പുള്ളവർ തമ്മിൽ |
| | L |
| Life time 18 (1) | ജീവിതകാലം |
| Live separately 18 (2g) | വേർപെട്ടു ജീവിക്കുക |
| | M |
| Maintenance 1 | സംരക്ഷണം |
| Medical attendance 3 (b) (i) | വൈദ്യസഹായം |
| | N |
| Net value 23 (3) (a) | അററമൂല്യം |
| | P |
| Person of a child 9 Expl. (ia) | കുട്ടിയുടെ ശരീരം |
| Position 23 (2a) | സ്ഥിതി |
| Previous permission 9 (4) | മുൻകൂട്ടിയുള്ള അനുവാദം |
| Priority 26 | മുൻഗണന |
| Prohibition 17 m.n. | നിരോധനം |
| | R |
| Reasonable wants 23 (2) (b) | ന്യായമായ ആവശ്യങ്ങൾ |
| Renounce 7 | പരിത്യജിക്കുക |
| Residence 3 (b) (i) | വസതി |
| | S |
| Status 15 | പദവി |
| Step-father 14 (4) | രണ്ടാനച്ഛൻ |
| Step-mother 14 (2) | വിമാതാവ് |
| | T |
| Transferee 28 | കൈമാററം കിട്ടിയ ആൾ |
| Treatment 3 (b) (i) | ചികിത്സ |
| | U |
| Unmarried daughter 3 (b) (ii) | അവിവാഹിതയായ മകൾ |
| | V |
| Vest 12 (b) | നിക്ഷിപ്തമാകുക |
| | W |
| Welfare 9 (5) | ക്ഷേമം |
| Widower 14 (3) | മൃതഭാര്യൻ |